LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നതിൽ നിലവിൽ തുടരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പി.എഫ്. ലോൺ അനുവദിച്ച് നൽകുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപേക്ഷ ലഭിച്ചാൽ സമയബന്ധിതമായി ലോൺ തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 3 വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്കും റിട്ടയർമെന്റിന് 3 വർഷം വരെ സർവ്വീസ് ബാക്കിയുള്ളവർക്കും താൽക്കാലിക ലോൺ അനുവദിക്കാറുണ്ട്. 25000 രൂപ വരെ യൂണിറ്റിലും അതിൽ കൂടുതലുള്ള തുക ചീഫ് ഓഫീസ് തലത്തിലുമാണ് അനുവദിക്കുന്നത്.

(ബി) ഇല്ല.

(സി) അപേക്ഷ ലഭിക്കുന്നതിന്റെ സീനിയോറിറ്റി അനുസരിച്ച് സമയബന്ധിതമായി ലോൺ അനുവദിക്കാറുണ്ട്.

## നഗര ഗതാഗത കോർപ്പറേഷൻ

190(1194) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര ഗതാഗത കോർപ്പറേഷന്റെ (കെ.യു.ആർ.ടി.സി.) പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കെ.യു.ആർ.ടി.സി. ബസ്സുകളിലെ സീറ്റുകൾ ദീർഘദൂര സർവ്വീസുകൾക്ക് അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസ്സിൽ ഈടാക്കുന്നതിലും കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിലും സൂപ്പർ ഫാസ്റ്റിൽ കിട്ടുന്ന ഇരിപ്പിട സൗകര്യം പോലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.യു.ആർ.ടി.സി. ബസ്സുകൾ ദീർഘദൂര യാത്രകൾക്ക് പകരം ടൗൺ ടു ടൗൺ ചെയിൻ സർവ്വീസുകൾ നടത്തി സേവനപരമായും സാമ്പത്തികമായും നില മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെ.യു.ആർ.ടി.സി.-യുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ കൃത്യമായ കാലയളവിൽ കൂടുന്ന ഡയറക്ടർ ബോർഡ് യോഗങ്ങളിലും പ്രവർത്തനം വിശദമായി അവലോകനം ചെയ്യാറുണ്ട്. 2013 മാർച്ചിൽ നടത്തിയ അവലോകന പ്രകാരം 2012-13-ൽ ഓപ്പറേറ്റിംഗ് വരുമാനവും നോൺ ഓപ്പറേറ്റിംഗ് വരുമാനവും കൂടി മൊത്തം 94,49,48,920 രൂപ ലഭിച്ചതിൽ 93,90,06,654 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത വർഷം 59,42,266 രൂപ ലാഭം കാണിക്കുന്നു. 2014 മാർച്ചിൽ നടത്തിയ അവലോകന പ്രകാരം 2013-14-ൽ ഓപ്പറേറ്റിംഗ് വരുമാനവും നോൺ ഓപ്പറേറ്റിംഗ് വരുമാനവുംകൂടി മൊത്തം 1,01,65,19,936 രൂപ ലഭിച്ചതിൽ 1,12,84,47,595 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത വർഷം 11,19,27,659 രൂപ നഷ്ടം കാണിക്കുന്നു.

(ബി) ഇല്ല.

(സി) കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസുകൾ നോൺ എ.സി. സർവ്വീസുകളാണ്. എന്നാൽ കെ.യു.ആർ.ടി.സി. എ.സി. ബസുകൾ ഉപയോഗിച്ചാണ് ദീർഘദൂര സർവ്വീസുകൾ നടത്തുന്നത്. കെ.യു.ആർ.ടി.സി. എ.സി. ബസുകളിൽ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റ് (MoUD) അംഗീകരിച്ച് അർബൻ ബസ് സ്പെസിഫിക്കേഷൻ (UBS2) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായ സീറ്റുകളാണ് ക്രമീകരിച്ചിരിക്കുന്നത്.

(ഡി) നാറ്റ്പാക് തയ്യാറാക്കിയതും മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റ് അംഗീകരിച്ചതുമായ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമാണ് ബസുകൾ അനുവദിച്ചിരിക്കുന്നത്. ജൻറം ഒന്നാം ഘട്ടം എറണാകുളം, തിരുവനന്തപുരം നഗരങ്ങളിലും രണ്ടാം ഘട്ടം വിവിധ ജില്ലകളെ അഞ്ച് ക്ലസ്റ്ററുകളായി തിരിച്ച് അവിടങ്ങളിലുമാണ് സർവ്വീസ് നടത്തുന്നതിന് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് നിർവ്വാഹമില്ല.

## ബസ് സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി

191(1195) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകഴി പാലം വരെ രാവിലെ 7.50-ന് എത്തിച്ചേരുന്ന തിരുവല്ല ഡിപ്പോയിലെ കറ്റിപ്പുഴ സർവ്വീസും 8.30-ന് എത്തിച്ചേരുന്ന കോട്ടയം സർവ്വീസും തകഴി ക്ഷേത്രം വരെ സർവ്വീസ് നീട്ടി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഹരിപ്പാട് ഡിപ്പോയിൽ നിന്നും അമ്പലപ്പുഴ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ യാത്ര അവസാനിപ്പിച്ച് മലയാലപ്പുഴ ക്ഷേത്രത്തിലേക്ക് പോകുന്ന ബസ്സ് തകഴി ക്ഷേത്രം വരെ നീട്ടി മലയാലപ്പുഴയ്ക്ക് യാത്ര ആരംഭിക്കാംവിധം പുനഃക്രമീകരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly